"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, മണ്ണാർക്കാട് എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) ശ്രീമതി. റജീന.പി.പി. യുടെ നിയമനം അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2946/2026/GEDN തീയതി,തിരുവനന്തപുരം, 28-04-2026

---

പരാമർശം:-

1. പാലക്കാട്, മണ്ണാർക്കാട് എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂൾ കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച 21/04/2025 തീയതിയിലെ പുന:പരിശോധന ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23-08-2025 തീയതിയിലെ ഇഎം1/17174/2025/ഡി.ജി.ഇ നമ്പർ കത്ത്.
3. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 02-09-2025 തീയതിയിലെ DEOMKD/999/2025-B4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മണ്ണാർക്കാട് എം.ഇ.എസ് ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) ശ്രീമതി. റജീന.പി.പി. യുടെ നിയമനം അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് മാനേജർ ഫയൽ ചെയ്ത റിവിഷൻ ഹർജിയിൽ വാദം കേട്ടു.

2. ഹർജിക്കാരന്റെ വാദം താഴെ പറയുന്ന പ്രകാരം ആയിരുന്നു :

എം.ഇ.എസ്. മാനേജ്മെൻ്റിന് കീഴിലുള്ള മണ്ണാർക്കാട് എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂളിൽ 2024-25 അനുവദിക്കുമെന്ന് പ്രതീക്ഷിക്കുന്ന അധിക തസ്തികയിലാണ് എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) തസ്തികയിൽ ശ്രീമതി. റജീന.പി.പി - യെ 03.06.2024 മുതൽ നിയമിച്ചത്. എന്നാൽ 2024-25 വർഷം അധിക തസ്തിക അനുവദിച്ചില്ലെന്ന കാരണത്താലും കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7 (2) വ്യവസ്ഥ പാലിച്ചിട്ടില്ല എന്ന കാരണത്താലും, 2024-25 വർഷത്തെ കമ്പൈൻഡ് സീനിയോറിറ്റി ലിസ്റ്റ് സമർപ്പിച്ചിട്ടില്ലെന്ന കാരണത്താലും സീനിയറായി ശ്രീമതി. സുഹറ.പി.യുടെ നിയമനം അംഗീകരിച്ചിട്ടില്ല എന്ന കാരണത്താലും നിയമനാംഗീകാര അപേക്ഷ നിരസിക്കുകയുണ്ടായി. നിയമനാംഗീകാര അപേക്ഷ നിരസിച്ചതിനെതിരെ സമർപ്പിച്ച അപ്പീലും റിവിഷൻ അപ്പീലും നിരസിക്കുകയുണ്ടായി. നിരസിച്ചതിനെതിരെ താഴെ പറയുന്ന വസ്തുതകൾ ബോധിപ്പിക്കുന്നു.

(1) 1:1 അനുപാതത്തിൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥക്കെതിരെ ബഹു. സുപ്രീം കോടതിയിൽ കേസ് നിലവിലുണ്ട്.

(2) കമ്പൈൻഡ് സീനിയോറിറ്റി ലിസ്റ്റ് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരിഗണനയിലാണ്.

(3) സീനിയറായ ശ്രീമതി. സുഹറ പി.യുടെ നിയമനം അംഗീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു.

ആയതിനാൽ കേസിന്റെ അന്തിമ വിധിക്ക് വിധേയമായും 2024-25 വർഷത്തെ അധിക തസ്തിക അനുവദിക്കുന്ന മുറക്കും സീനിയർ അദ്ധ്യാപികയുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്കും ശ്രീമതി. റജീന.പി.പി. യുടെ 03.06.2024 മുതലുള്ള എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) നിയമനം അംഗീകരിച്ച് ഉത്തരവാകാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

3. പൊതു വിദ്യാഭ്യാസ ഓഫീസർമാർ താഴെ പറയുന്ന പ്രകാരം വാദിച്ചു :

മണ്ണാർക്കാട് എം.ഇ.എസ്. എച്ച്.എസ്.എസ്. ലെ എച്ച്.എസ്.ടി.(ഫിസിക്കൽ സയൻസ്) തസ്തികയിലെ ശ്രീമതി. റജീന പി.പി. യുടെ 03/06/2024 മുതലുള്ള നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയും ഈ കാര്യാലയത്തിൽ റിവിഷൻ അപ്പീൽ സമർപ്പിക്കുകയും ആയത് ഈ കാര്യാലയത്തിലെ ഉത്തരവ് നം EM1/808267/2025 തീയതി 22/03/2025 പ്രകാരം നിരസിച്ചു. ഇതിനെതിരെയാണ് നിലവിൽ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്.

മണ്ണാർക്കാട് എം.ഇ.എസ്.ഹൈസ്കൂളിലെ 2024-25 വർഷത്തെ പ്രതീക്ഷിത എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) അധിക തസ്തികയിൽ 03/06/2024 മുതൽ ശ്രീമതി റജീന പി.പി.-യെ മാനേജർ നിയമിച്ചു. നിലവിൽ ടി തസ്തിക അനുവദിച്ചിട്ടില്ല, 2024-25 വർഷത്തെ അധിക തസ്തികയിൽ ആയതിനാൽ കെ.ഇ.ആർ.അമെൻഡ് മെൻ്റ് പ്രകാരം 1:1 അനുപാതത്തിൽ സംരക്ഷിത അധ്യാപകരെ നിയമിക്കേണ്ടതുണ്ട്, ആയതിലേക്കായി സംരക്ഷിത അധ്യാപകരെ നിയമിക്കുകയോ/തസ്തിക മാറ്റിവെക്കുകയോ ചെയ്തിട്ടില്ല, സീനിയർ ആയ ശ്രീമതി. സുഹറ പി. യുടെ നിയമനം അംഗീകരിച്ചിട്ടില്ല, തുടങ്ങിയ കാരണങ്ങൾ ചൂണ്ടിക്കാട്ടിയാണ് ടി നിയമനം നിരസിച്ചിട്ടുള്ളത്.

സീനിയർ ആയ ശ്രീമതി സുഹറ പി. യുടെ നിയമനം അംഗീകരിച്ചാലും ടി നിയമനം 2024-25 വർഷത്തെ അധിക തസ്തികയിൽ ആയതിനാൽ കെ.ഇ.ആർ. അമെൻഡ് മെൻ്റ് ചട്ടം 7(2) പ്രകാരം 1:1 അനുപാതത്തിൽ സംരക്ഷിത അധ്യാപകരെ നിയമിക്കേണ്ടതുണ്ട്. ആയതിനാൽ ടി നിയമനം പരിഗണനാർഹമല്ല എന്ന വിവരം അറിയിക്കുന്നു.

4. സർക്കാർ ഈ വിഷയം ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. എം.ഇ.എസ്. മാനേജ് മെൻറിനുകീഴിലുള്ള മണ്ണാർക്കാട് എം.ഇ.എസ്. ഹയർ സെക്കൻഡറി സ്കൂളിൽ 2024-25 വർഷത്തിൽ അനുവദിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന അധിക തസ്തികയിൽ എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) തസ്തികയിൽ ശ്രീമതി. റജീന.പി.പി. യെ മാനേജർ 03.06.2024 തീയതി നിയമിച്ചു. എന്നാൽ 2024-25 വർഷം അധിക തസ്തിക

അനുവദിച്ചിട്ടില്ല, 2024-25 വർഷത്തെ കമ്പൈൻഡ് സീനിയോറിട്ടി സമർപ്പിച്ചിട്ടില്ല, സീനിയർ ആയ ശ്രീമതി. സുഹറ പി. യുടെ നിയമനം അംഗീകരിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ നിയമനാംഗീകാര അപേക്ഷ പൊതു വിദ്യാഭ്യാസ ഓഫീസർമാർ നിരസിക്കുകയുണ്ടായി. കമ്പൈൻഡ് സീനിയോറിട്ടി ലിസ്റ്റ് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിഗണനനയിൽ ആണ്. 1:1 അനുപാതത്തിൽ സംരക്ഷിത അധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥയ്ക്കെതിരെ ബഹു. സുപ്രീം കോടതിയിൽ കേസ് നിലവിലുള്ളതിനാൽ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംരക്ഷിത അധ്യാപകരെ നിയമിച്ചു കൊള്ളാമെന്നും ആയതിനാൽ കേസിന്റെ അന്തിമവിധിക്കു വിധേയമായി 2024-2025 വർഷത്തെ അധിക തസ്തിക അനുവദിച്ച് അനുവദിക്കുന്ന തസ്തികയിൽ ശ്രീമതി. റജീന.പി.പി. യെ 03.06.2024 മുതലുള്ള എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) നിയമനം അംഗീകരിക്കണമെന്നുമുള്ളതാണ് ഹർജിക്കാരന്റെ വാദം.

2024-2025 വർഷത്തെ അധിക തസ്തികയിൽ നിയമിക്കപ്പെട്ട അധ്യാപകർക്ക് കെ.ഇ.ആർ. അധ്യായം 21 ചട്ടം 7(2) പ്രകാരം അധിക തസ്തികയിലെ നിയമനം 1:1 അനുപാതത്തിൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കുന്ന മുറയ്ക്ക് മാത്രമേ, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ നിയമനാംഗീകാരം ഭിന്നശേഷിസംവരണ വ്യവസ്ഥക്ക് വിധേയമായി പുനഃപരിശോധിക്കാൻ കഴിയുകയുള്ളൂ.

5. മേൽ സാഹചര്യത്തിൽ 2024-2025 വർഷത്തെ അധിക തസ്തികയിൽ നിയമിക്കപ്പെട്ട അധ്യാപകർക്ക് കെ.ഇ.ആർ അധ്യായം 21 ചട്ടം 7(2) പ്രകാരം അധിക തസ്തികയിലെ നിയമനത്തിന് 1:1 അനുപാതത്തിൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കുന്ന മുറയ്ക്ക് മാത്രം, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ സ.ഉ.(കൈ) നം.31/2026/GEDN, തീയതി 18/02/2026 ഉത്തരവിന്റെ അടിസ്ഥാനത്തിലും ഭിന്നശേഷി സംവരണവ്യവസ്ഥക്ക് വിധേയമായും ശ്രീമതി. റജീന.പി.പി - യുടെ 03.06.2024 മുതലുള്ള എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) നിയമനം പുന:പരിശോധിക്കുന്നതിനു പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി, അപ്രകാരം മണ്ണാർക്കാട് എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂളിലെ കോർപ്പറേറ്റ് മാനേജർ ഫയൽ ചെയ്ത റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
കോർപ്പറേറ്റ് മാനേജർ, എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂൾ ,മണ്ണാർക്കാട്, പാലക്കാട്.
ശ്രീമതി. റജീന.പി.പി., എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്),എം.ഇ.എസ്. ഹയർ സെക്കന്ററി സ്കൂൾ ,മണ്ണാർക്കാട്, പാലക്കാട്.
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA3/640/2025-G.EDN തീയതി: 10.03.2026 )
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Meera S S

Date: 29-04-2026 16:46:28

സെക്ഷൻ ഓഫീസർ